## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *22 — 03.02.2020 ൽ മറുപടിക്ക്

## പൗരത്വരജിസ്റ്റർ പുതുക്കൽ നടപടി

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എം.സി.കമറുദ്ദീൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയപൗരത്വ രജിസ്റ്റർ പുതുക്കൽ നടപടികളുമായി സഹകരിക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പൗരത്വരജിസ്റ്റർ പുതുക്കൽ നടപടികളിൽ പങ്കെടുക്കാൻ തഹസീൽദാർമാർ ഉത്തരവ് നൽകിയ കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | 20/12/2019 ലെ സർക്കാർ ഉത്തരവ് (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) സംബന്ധിച്ച എല്ലാ പ്രക്രിയയും സംസ്ഥാനത്ത് സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സെൻസസ്സ് -എൻ.പി.ആർ. നടപടികൾ സംബന്ധിച്ച് കേന്ദ്രസർക്കാർ നേരിട്ട് ജില്ലാ കളക്ടർമാർക്ക് നൽകുന്ന കത്തുകളിൽ എൻ.പി.ആർ. നടപടികളുടെ കാര്യം കൂടി സൂചിപ്പിക്കുന്നതിനാൽ ചില ഉദ്യോഗസ്ഥർ നൽകുന്ന കത്തുകളിൽ എൻ.പി.ആർ.ന്റെ കാര്യം കൂടി അബദ്ധത്തിൽ പരാമർശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽവന്നു. തുടർന്ന് ഇത്തരത്തിൽ തെറ്റുകൾ വരാതിരിക്കാൻ വ്യക്തിപരമായ ജാഗ്രത പുലർത്തണമെന്നും അശ്രദ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും എല്ലാ |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. സെൻസസ്സ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവൻമാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ